©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2021-2023)

## അഞ്ചാമത് റിപ്പോർട്ട്

(2022 ജൂലൈ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[നിയമ, ഉന്നതവിദ്യാഭ്യാസ (പ്രിന്റിങ് &സ്റ്റേഷനറി) വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ചത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2021-2023)

## അഞ്ചാമത് റിപ്പോർട്ട്

(2022 ജൂലൈ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[നിയമ, ഉന്നതവിദ്യാഭ്യാസ (പ്രിന്റിങ് &സ്റ്റേഷനറി) വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ചത്]

165/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 19 |
| അനുബന്ധം II | .. | 24 |
| അനുബന്ധം III | .. | 25 |
| അനുബന്ധം IV | .. | 27 |
| അനുബന്ധം V | .. | 33 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2021-2023)

**സമിതിയുടെ ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>അംഗങ്ങൾ:</u>

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. കെ.യു. ജനീഷ് കുമാർ

ശ്രീ. ഒ.ആർ. കേളു

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എം. നൗഷാദ്

ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ

ശ്രീ. എം. വിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. ഗോഡ്ഫ്രി ഡി.ഡി., ജോയിന്റ് സെക്രട്ടറി

ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. നന്ദകുമാർ, അണ്ടർ സെക്രട്ടറി.

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2022 ജൂലൈ 12-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

പി. സി. വിഷ്ണുനാഥ്,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2022 ജൂലൈ 15.

# ആമുഖം

നിയമസഭയുടെ നടപടിക്രമമനുസരിച്ച് ഓരോ വകുപ്പും പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.-കൾ, വിജ്ഞാപനങ്ങൾ, സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ഒരു നിശ്ചിത കാലയളവിനുള്ളിൽ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുക എന്നത് വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ എസ്.ആർ.ഒ./വിജ്ഞാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ എന്നിവ കൃത്യമായി സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ ലഭ്യമാക്കാത്തതിനാൽ ധാരാളം കുടിശ്ശിക ഉണ്ടാകുകയും ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നടത്തുകയും ചെയ്തു. പ്രസ്തുത റൂളിംഗിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികകൾ തീർപ്പാക്കുന്നതിനുവേണ്ടിയാണ് 2021 നവംബർ 29, 2022 ജനുവരി 13 എന്നീ തീയതികളിൽ സമിതി തെളിവെടുപ്പ് യോഗം ചേർന്നത്.

ഓർഡിനൻസുകൾ, വിവിധ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിശ്ശികയായിട്ടുള്ള റിപ്പോർട്ടുകൾ, എസ്.ആർ.ഒ./വിജ്ഞാപനങ്ങൾ എന്നിവയിന്മേൽ ലഭിച്ച കാലതാമസപത്രികകൾ, സമിതി ആവശ്യപ്പെട്ട അധികവിവരം എന്നിവ സംബന്ധിച്ച് നിയമ വകുപ്പുദ്യോഗസ്ഥരിൽ നിന്നും, വാർഷിക / ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിൽ ഏറെ കാലതാമസം ഉണ്ടായതിന്റെയും, സഭയിൽ സമർപ്പിക്കേണ്ട രേഖകൾ അച്ചടിച്ച് ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടായതിന്റേയും അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ (പ്രിന്റിംഗ് & സ്റ്റേഷനറി) വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തിയതിന്റെ പശ്ചാത്തലത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗത്തിൽ നിയമ വകുപ്പിനെയും അവയുടെ കീഴിലുള്ള സ്ഥാപനങ്ങളെയും സംബന്ധിച്ചുള്ള വിവരങ്ങളും രണ്ടാം ഭാഗത്തിൽ ഉന്നതവിദ്യാഭ്യാസ (പ്രിന്റിംഗ് & സ്റ്റേഷനറി) വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളെയും അച്ചടി വകുപ്പിനെയും സംബന്ധിക്കുന്ന വിവരങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

# റിപ്പോർട്ട്

## ഭാഗം-I

വ്യവസ്ഥാപിത സമൂഹത്തിന്റെ സുസ്ഥിര നിലനില്പിനായി അതിലെ അംഗങ്ങളായ വ്യക്തികളുടെ സ്വഭാവം, പെരുമാറ്റം, പ്രവൃത്തി, സ്വാതന്ത്ര്യം, അവകാശം തുടങ്ങിയവയ്ക്കുമേൽ ബാധകമാക്കപ്പെടുന്ന നിയന്ത്രണം, അതിര്, വിലക്ക് എന്നിവയുടെ സമാഹാരമോ സംഹിതയോ സംഘാടനമോ ആണ് നിയമം. ഇത് മനുഷ്യർ തങ്ങളുടെ പെരുമാറ്റം മറ്റുള്ളവർ അംഗീകരിക്കുന്നതിനായി അനുഷ്ഠിക്കേണ്ടതോ പാലിക്കേണ്ടതോ ആയ ക്രിയാപരവും പെരുമാറ്റപരവും ആയ നിയന്ത്രണവ്യവസ്ഥയാണ്. സമൂഹത്തിന്റെ കൂട്ടായ്മയുടെ ആധികാരികതയാൽ വ്യക്തിയ്ക്കുമേൽ പ്രാബല്യത്തിലാക്കുന്ന ആചാരം, മുറ, അടക്കം, നിയന്ത്രണം ഇവയൊക്കെ നിയമത്തിൽ ഉൾപ്പെടുന്നു. കാല-ദേശ-സമൂഹ വ്യത്യാസങ്ങൾക്കനുസരിച്ച് നിയമം എന്ന വാക്കിന്റെ നിർവ്വചനവും വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണാം. ഓരോ വ്യക്തിക്കും തനതായ താത്പര്യങ്ങളും അവകാശങ്ങളും ഉണ്ടായിരിക്കും. അവ പാലിക്കപ്പെടണം. അതിനൊപ്പം തന്റെ സഹജീവിയായ മറ്റൊരു വ്യക്തിയുടെ താത്പര്യവും അവകാശവും മാനിക്കപ്പെടുകയും പാലിക്കപ്പെടുകയും വേണം. സമൂഹജീവിയായ മനുഷ്യന് സമാധാനപരവും ക്രമാനുസൃതവും സുസ്ഥിരവുമായ ജീവിതാവസ്ഥ ഉറപ്പാക്കുന്നതിനായി നിർദ്ദേശിക്കപ്പെടുന്നതും പാലിക്കപ്പെടുന്നതുമായ ഇത്തരം പെരുമാറ്റച്ചട്ടങ്ങളാണ് നിയമങ്ങൾ എന്ന് പ്രാഥമികമായി നിർവ്വചിക്കാം.

2) നിയമ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വാർഷിക/ആഡിറ്റ് റിപ്പോർട്ട് സമർപ്പണത്തിൽ വളരെയേറെ കുടിശ്ശിക ഉണ്ടായ പശ്ചാത്തലത്തിൽ കുടിശ്ശിക ദൂരീകരിക്കുന്നതിനും റിപ്പോർട്ട് സമർപ്പണത്തിൽ കൃത്യത കൈവരിക്കുന്നതിനുമായി നിയമ വകുപ്പ് സെക്രട്ടറി, സ്ഥാപനത്തിന്റെ മേധാവികൾ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്താൻ സമിതി നിർദേശിക്കുകയുണ്ടായി. അതിൻപ്രകാരം 2021 നവംബർ മാസം 29-ാം തീയതി തെളിവെടുപ്പ് നടത്തുകയും പ്രസ്തുത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

3) നിയമ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

2. സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി & ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി (KELSA)

| | |
|---|---|
| i) | തിരുവനന്തപുരം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി |
| ii) | കൊല്ലം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി |
| iii) | പത്തനംതിട്ട ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി |
| iv) | ആലപ്പുഴ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി |
| v) | കോട്ടയം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി |
| vi) | ഇടുക്കി ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി |
| vii) | എറണാകുളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി |
| viii) | തൃശ്ശൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി |
| ix) | പാലക്കാട് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി |
| x) | മലപ്പുറം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി |
| xi) | കോഴിക്കോട് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി |
| xii) | വയനാട് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി |
| xiii) | കണ്ണൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി |
| xiv) | കാസർഗോഡ് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി |

3. പെർമനന്റ് ലോക് അദാലത്ത്

i) പെർമനന്റ് ലോക് അദാലത്ത്, തിരുവനന്തപുരം

ii) പെർമനന്റ് ലോക് അദാലത്ത്, എറണാകുളം

iii) പെർമനന്റ് ലോക് അദാലത്ത്, കോഴിക്കോട്

4. കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റി

5. അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റി

1. <u>കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ</u>

4) 1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമത്തിലെ വകുപ്പ് 21 അനുസരിച്ച് 1998 ഡിസംബർ മാസം പതിനൊന്നാം തീയതി രൂപീകൃതമായി തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. 1993 മനുഷ്യാവകാശ സംരക്ഷണ നിയമത്തിലെ വകുപ്പ് 28 (2), 35(4) എന്നിവ പ്രകാരം കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ സഭയ്ക്ക് മുമ്പാകെ സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നു.

28. Annual and special reports of State Commission.– (1) The State Commission shall submit an annual report to the State Government and may at any time submit special reports on any matter which, in its opinion, is of such urgency or importance that it should not be deferred till submission of the annual report.

(2) The State Government shall cause the annual and special reports of the State Commission to be laid before each House of State Legislature where it consists of two Houses, or where such Legislature consists of one House, before that House along with a memorandum of action taken or proposed to be taken on the recommendations of the State Commission and the reasons for non-acceptance of the recommendations, if any.

35. (4) The accounts of the State Commission, as certified by the Comptroller and Auditor-General or any other person appointed by him in this behalf, together with the audit report thereon, shall be forwarded annually to the State Government by the State Commission and the State Government shall cause the audit report to be laid, as soon as may be after it is received, before the State Legislature.

5) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 2008-2009 മുതൽ 2015-2016 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിന് നിയമ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും 2007-2008 കാലയളവിലെ വാർഷിക റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിന് ലഭ്യമായിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി, 2007-2008-ലെ വാർഷിക റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്നും, 2016-2017 മുതൽ 2020-2021 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് 2016-2017-ലെ

റിപ്പോർട്ട് നിയമ വകുപ്പിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും 2017-2018, 2018-2019 വർഷങ്ങളിലെ റിപ്പോർട്ടുകൾ അച്ചടിക്കാനായി പ്രസ്സിൽ നൽകിയിട്ടുണ്ടെന്നും 2019-20, 2020-21 വർഷങ്ങളിലെ റിപ്പോർട്ടുകൾക്ക് കമ്മീഷന്റെ അംഗീകാരം ലഭ്യമാകാനുണ്ടെന്നും കുടിശ്ശികകളെല്ലാം പൂർണ്ണമായും തീർക്കുന്നതിന് മൂന്ന് മാസം സമയം വേണ്ടിവരുമെന്നും മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

6) 2016-2017 മുതൽ 2020-2021 വരെയുള്ള വാർഷിക റിപ്പോർട്ടുകളുടെ നടപടിക്രമങ്ങൾ പല ഘട്ടങ്ങളിലാണെന്നും 2022 ജനുവരി പകുതിയോടുതന്നെ വാർഷിക റിപ്പോർട്ടുകളെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കി കമ്മീഷന് നിയമ വകുപ്പിന് നൽകാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 2016-17 മുതലുള്ള റിപ്പോർട്ടുകളോടൊപ്പം സഭയിൽ സമർപ്പിക്കാതിരുന്ന 2007-08-ലെ റിപ്പോർട്ടും രണ്ടുമാസത്തിനുള്ളിൽ സഭയിൽ സമർപ്പിക്കണമെന്ന് സമിതി തെളിവെടുപ്പ് വേളയിൽ നിർദ്ദേശിച്ചിരുന്നു.

7) 2007-08-ലെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയെങ്കിലും മറ്റ് റിപ്പോർട്ടുകളൊന്നും ലഭ്യമാക്കാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം <u>2016-17 മുതൽ 2020-21 വരെയുള്ള വാർഷിക റിപ്പോർട്ടുകളും 2017-18 മുതൽ 2020-21 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

8) വാർഷിക റിപ്പോർട്ടുകളോടൊപ്പം സമർപ്പിക്കുന്ന കാലതാമസ പത്രികകളിലെ വിശദീകരണത്തിൽ കാലതാമസത്തിനുള്ള കാരണമായി "ഭരണപരമായ കാലതാമസം" എന്ന് രേഖപ്പെടുത്തരുതെന്ന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടും പല സ്ഥാപനങ്ങളും ആയതു തന്നെ രേഖപ്പെടുത്തുന്നതായി സമിതി നിരീക്ഷിക്കുകയും കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ വാർഷിക റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കപ്പെട്ട കാലതാമസ പത്രികകളിലെ വിശദീകരണത്തിലും "ഭരണപരമായ കാലതാമസം" എന്ന് രേഖപ്പെടുത്തി കാണപ്പെടുന്നുണ്ടെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും "ഭരണപരമായ കാലതാമസം" എന്നതിന് പകരം വ്യക്തമായ കാരണം തന്നെ കാലതാമസ പത്രികകളിൽ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## 2. <u>സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി & ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി (KELSA)</u>

9) 1987-ൽ നിലവിൽ വന്ന ലീഗൽ സർവ്വീസസ് ആക്ട് പ്രകാരം ഇന്ത്യയിൽ നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയും കേരളത്തിൽ, അതിന്റെ സംസ്ഥാന ഘടകമായ കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയും രൂപംകൊണ്ടു. നീതി ലഭിക്കുക

എന്നത് സമൂഹത്തിലെ എല്ലാവരുടെയും അവകാശമാണ് എന്നിരിക്കെ, സാമ്പത്തികവും പലതരത്തിലുള്ള പരിമിതികളും നിമിത്തം സമൂഹത്തിലെ അശരണർക്ക് നീതി ലഭിക്കാതെപോകുന്ന സാഹചര്യം ഒഴിവാക്കി ഇത്തരക്കാർക്ക് സൗജന്യമായി നിയമസഹായം നൽകുക എന്നതാണ് ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ടിലൂടെ ലക്ഷ്യമിടുന്നത്. സമൂഹത്തിലെ സാധുക്കൾക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും ഭരണഘടന ഉറപ്പുനൽകുന്ന നിയമപരമായ അവകാശങ്ങൾ ലഭ്യമാക്കുകയാണ് കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ദൗത്യം.

10) 1987-ലെ ലീഗൽ സർവ്വീസസ് ആക്ടിലെ വകുപ്പ് 18 (4), (6) എന്നിവ പ്രകാരം അതോറിറ്റിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭയ്ക്ക് മുമ്പാകെ സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നു.

"18(4) The accounts of the Authorities, as certified by the Comptroller and Auditor-General of India or any other person appointed by him in this behalf together with the audit report thereon, shall be forwarded annually by the Authorities to the Central Government or the State Governments, as the case may be.

18(6) The State Government shall cause the accounts and the audit report received by it under sub-section (4) to be laid, as soon as may be after they are received, before the State Legislature."

11) ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഡിറ്റ് റിപ്പോർട്ടുകളുടെ സമർപ്പണത്തിൽ കുടിശ്ശിക ഉണ്ടായതെന്തുകൊണ്ടാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി (KELSA)-യുടെ 2017-18 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള വർഷങ്ങളിലെ കണക്കുകളിൽ ഇന്റേണൽ ഓഡിറ്റ് നടക്കുന്നതേയുള്ളൂവെന്നും കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി സമിതിയെ അറിയിച്ചു.

12) KELSA-യിലെ 3 വർഷത്തെ കുടിശ്ശിക വേഗത്തിൽ പൂർത്തിയാക്കാൻ സാധിക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന് സ്ഥാപനത്തിൽ ഇന്റേണൽ ഓഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണെന്നും 6 മാസത്തിനുള്ളിൽ ഓഡിറ്റ് പൂർത്തിയാക്കി ഉടൻ റിപ്പോർട്ട് നൽകാനുള്ള നടപടികൾ സ്വീകരിക്കാമെന്നും തെളിവെടുപ്പ് വേളയിൽ മെമ്പർ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

13) സമിതിക്ക് നൽകിയ ഉറപ്പ് പ്രകാരം കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2018-19 മുതലുള്ള ആഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

14) ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ആഡിറ്റ് റിപ്പോർട്ട് കുടിശ്ശിക ചുവടെ ചേർക്കുന്നു.

| ജില്ല | സഭയിൽ സമർപ്പിച്ച റിപ്പോർട്ട് | കുടിശ്ശിക |
|---|---|---|
| തിരുവനന്തപുരം | 2016-17 | 4 വർഷം |
| കൊല്ലം | 2013-14 | 7 വർഷം |
| പത്തനംതിട്ട | 2013-14 | 7 വർഷം |
| ആലപ്പുഴ | 2015-16 | 5 വർഷം |
| കോട്ടയം | 2016-17 | 4 വർഷം |
| ഇടുക്കി | 2017-18 | 3 വർഷം |
| എറണാകുളം | 2011-12 | 9 വർഷം |
| തൃശ്ശൂർ | 2016-17 | 3 വർഷം |
| പാലക്കാട് | 2010-11 | 10 വർഷം |
| മലപ്പുറം | 2015-16 | 5 വർഷം |
| കോഴിക്കോട് | 2013-14 | 7 വർഷം |
| വയനാട് | 2012-13 | 8 വർഷം |
| കണ്ണൂർ | 2012-13 | 8 വർഷം |
| കാസർഗോഡ് | 2011-12 | 9 വർഷം |

15) ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് സമിതി ആരാഞ്ഞതിന് ദിവസേനയും ആഴ്ചതോറും മാസംതോറും അദാലത്ത് നടത്താറുണ്ടെന്നും ലീഗൽ അദാലത്ത്, അവയർനെസ്, ലീഗൽ എയ്ഡ് എന്നിവയാണ് പ്രധാന പ്രവർത്തനങ്ങളെന്നും മെമ്പർ സെക്രട്ടറി അറിയിച്ചു.

16) ജില്ലാ അതോറിറ്റികളിൽ വളരെയേറെ വർഷത്തെ കുടിശ്ശികകളുണ്ടെന്നും അതിനുള്ള കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് സ്റ്റാഫിന്റെ അപര്യാപ്തതയാണ് കുടിശ്ശിക ഉണ്ടാകുവാനുള്ള പ്രധാന കാരണമെന്നും ഡെപ്യൂട്ടേഷൻ തസ്തികകളായതിനാൽ പലതും ഒഴിഞ്ഞുകിടക്കുകയാണെന്നും ഓഫീസ് പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നത് വളരെ കഷ്ടപ്പെട്ടാണെന്നും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ടെന്നും, അതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും സ്ഥിരനിയമനത്തിൽ ഉദ്യോഗസ്ഥരെ

ലഭ്യമായില്ലെങ്കിൽ ഡെപ്യൂട്ടേഷൻ തുടരുകയും ഇതുപോലെ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സാഹചര്യങ്ങളുണ്ടാകുകയും ചെയ്യുമെന്നും ഉദ്യോഗസ്ഥരെ ലഭ്യമായാൽ മാത്രമേ ഈ സ്ഥിതി മാറ്റിയെടുക്കാൻ സാധിക്കുകയുള്ളൂവെന്നും ഒരു ഡി.എൽ.എസ്.എ.-യിൽ ആകെ നാല് സ്റ്റാഫുകൾ മാത്രമേയുള്ളൂവെന്നും നിയമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു.

17) ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസം ഗൗരവമായി കണ്ടുകൊണ്ട് ജില്ലാതലത്തിലുള്ളവരുടെ യോഗം വിളിച്ചുചേർത്ത് പ്രത്യേക ശ്രദ്ധകൊടുത്ത് എത്രയും വേഗം ആഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി നിയമവകുപ്പിന് അടിയന്തരമായി സമർപ്പിക്കണമെന്നും തെളിവെടുപ്പ് വേളയിൽ മെമ്പർ സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകിയിരുന്നു. തെളിവെടുപ്പിനുശേഷവും ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ യാതൊരു പുരോഗതിയും ഉണ്ടാകാത്തത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി സമിതി വിലയിരുത്തുന്നു.

18) പാലക്കാട് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2010-2011 മുതലുള്ള ആഡിറ്റ് റിപ്പോർട്ടും കാസർഗോഡ്, എറണാകുളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2011-2012 മുതലുള്ള ആഡിറ്റ് റിപ്പോർട്ടുകളും വയനാട്, കണ്ണൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2012-2013 മുതലുള്ള ആഡിറ്റ് റിപ്പോർട്ടുകളും കൊല്ലം, പത്തനംതിട്ട, കോഴിക്കോട് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2013-2014 മുതലുള്ള ആഡിറ്റ് റിപ്പോർട്ടുകളും ആലപ്പുഴ, മലപ്പുറം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2015-2016 മുതലുള്ള ആഡിറ്റ് റിപ്പോർട്ടുകളും തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2016-2017 മുതലുള്ള ആഡിറ്റ് റിപ്പോർട്ടുകളും ഇടുക്കി ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2017-2018 മുതലുള്ള ആഡിറ്റ് റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിട്ടുണ്ടെന്നത് വളരെ ഗൗരവത്തോടെ വീക്ഷിക്കേണ്ട വിഷയമാണെന്നും, ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് നൽകുന്ന അതേ പ്രാധാന്യം ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും കാണിക്കേണ്ടതായിട്ടുണ്ടെന്നും, ഉദ്യോഗസ്ഥരുടെ അപര്യാപ്തത അതത് വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിനുള്ള കാരണമായി കണക്കാക്കാൻ സാധിക്കില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

19) അതോറിറ്റിക്ക് സർക്കാർ നൽകുന്ന ധനസഹായം എപ്രകാരം ചെലവഴിക്കുന്നുവെന്ന് അറിയാനുള്ള അവകാശം സഭയ്ക്കും സഭാംഗങ്ങൾക്കും ഉണ്ടെന്നും, ആഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം തയ്യാറാക്കി സഭയിൽ സമർപ്പിക്കാതെ സഭയെയും സമിതിയെയും വെറും നോക്കുകുത്തിയാക്കുന്ന അവസ്ഥയുണ്ടായിരിക്കുന്നുവെന്നും, ഈ അവസ്ഥയ്ക്ക് മാറ്റം വരേണ്ടത് ആവശ്യമാണെന്നും സമിതി ചൂണ്ടിക്കാണിച്ചു.

20) ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ, ആഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം തയ്യാറാക്കി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നുണ്ടോയെന്നത് നിരീക്ഷിച്ച് ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ഭരണവകുപ്പായ നിയമവകുപ്പിന് കുറ്റകരമായ അനാസ്ഥ സംഭവിച്ചിട്ടുള്ളതായി സമിതി വിലയിരുത്തുന്നു.

21) പത്ത് വർഷത്തോളം പഴക്കമുള്ള ആഡിറ്റ് റിപ്പോർട്ടുകൾ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ തയ്യാറാക്കി സഭയിൽ സമർപ്പിക്കേണ്ടതുള്ളതിനാൽ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് ഒരു രജിസ്റ്റർ തയ്യാറാക്കണമെന്നും അതിൽ ഏതൊക്കെ വർഷം വരെയുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടെന്നും, കുടിശ്ശിക എത്രയുണ്ടെന്നും, ഏതൊക്കെ വർഷം വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ടെന്നും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

22) കുടിശ്ശിക ആഡിറ്റ് റിപോർട്ടുകൾ തയ്യാറാക്കുന്നതിനും സഭയിൽ സമർപ്പിക്കുന്നതിനുമായി സംസ്ഥാന, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ മേധാവികളുടെ ഒരു യോഗം നിയമ വകുപ്പിന്റെ നേതൃത്വത്തിൽ ചേർന്ന് ആഡിറ്റ് റിപ്പോർട്ടുകളുടെ കുടിശ്ശിക തീർക്കുന്നത് സംബന്ധിച്ച് ഷെഡ്യൂൾ തയ്യാറാക്കി ആയത് പ്രകാരം ആഡിറ്റ് റിപോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

3. പെർമനന്റ് ലോക് അദാലത്ത്

23) പൊതുജനോപയോഗ സേവന മേഖലകളായ (1) ട്രാൻസ്പോർട്ട് സർവ്വീസ് (വായു, കര, ജലം എന്നിവ മുഖേനയുള്ള സഞ്ചാരവും ചരക്ക് കടത്തും), (2) പോസ്റ്റൽ, ടെലഗ്രാഫ്, ടെലിഫോൺ സർവീസ്, (3) വൈദ്യുതി, വെളിച്ചം, വെള്ളം എന്നിവയുടെ വിതരണം, (4) പൊതുജനാരോഗ്യ സംരക്ഷണവും ശുചീകരണവും, (5) ആശുപത്രികൾ, ഡിസ്പൻസറികൾ ഇവയുടെ സേവനം, (6) ഇൻഷ്വറൻസ് സേവനം എന്നിവയുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിനായി 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ട്, 2002-ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് അമന്റ്മെന്റ് ആക്ട് എന്നിവ പ്രകാരം സ്ഥാപിതമായ സംവിധാനമാണ് പെർമനന്റ് ലോക് അദാലത്ത് (പി.എൽ.എ.). ഒരു കോടി രൂപയിൽ താഴെ മതിപ്പുതുക വരുന്ന സേവനങ്ങളെ സംബന്ധിച്ചുള്ള തർക്കങ്ങൾ പെർമനന്റ് ലോക് അദാലത്തിൽ സമർപ്പിക്കാം.

24) കേരളത്തിൽ, നിലവിൽ മൂന്ന് മേഖലകളിൽ പി.എൽ.എ.-യുടെ സേവനം ലഭ്യമാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകൾ അധികാരപരിധിയായി തിരുവനന്തപുരം ആസ്ഥാനമായി 2006 മുതൽ പി.എൽ.എ. പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകൾ അധികാരപരിധിയായിട്ടുള്ള എറണാകുളം മേഖലയിൽ

2011-ൽ പി.എൽ.എ. സ്ഥാപിതമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ അധികാര പരിധി ആയിട്ടുള്ള കോഴിക്കോട് മേഖലയിൽ 2013-ൽ പി.എൽ.എ സ്ഥാപിതമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

25) പെർമനന്റ് ലോക് അദാലത്ത്, തിരുവനന്തപുരത്തിന്റെ 2018-19 മുതലുള്ള മൂന്ന് വർഷത്തെയും കോഴിക്കോടിന്റെ 2015-16 മുതലുള്ള 6 വർഷത്തെയും എറണാകുളത്തിന്റെ 2018-19 മുതലുള്ള 3 വർഷത്തെയും ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാകാനുള്ള കാരണമെന്താണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് പെർമനന്റ് ലോക് അദാലത്തും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയും കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളാണെന്നും KELSA-യിലും DLSA-യിലും നൂറ് ശതമാനം ജീവനക്കാരും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിനാൽ സ്റ്റാഫിന്റെ അപര്യാപ്തത നേരിടാറുണ്ടെന്നും KELSA-യിൽ രണ്ട് വർഷമായി അക്കൗണ്ട്സ് ഓഫീസർ ഇല്ലാതിരുന്നിട്ട് കഴിഞ്ഞയാഴ്ചയാണ് ലഭ്യമായതെന്നും കോഴിക്കോട് പി.എൽ.എ.-യുടെ 2020 വരെയുള്ള ഇന്റേണൽ ഓഡിറ്റ് പൂർത്തിയാക്കി സി&എ.ജി.-ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ഇന്റേണൽ ഓഡിറ്റ് പൂർത്തിയാക്കി സി&എ.ജി.-ക്ക് നൽകിയാൽമാത്രമേ നിയമസഭയിൽ സമർപ്പിക്കാൻ സാധിക്കുകയുള്ളൂവെന്നും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടേതടക്കം ഓഡിറ്റ് റിപ്പോർട്ടുകൾ പൂർത്തിയാക്കുന്നതിന് ഒരു വർഷം കാലാവധി വേണ്ടിവരുമെന്നും കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി മെമ്പർ സെക്രട്ടറി സമിതിയെ അറിയിച്ചു.

26) ഒരു ധാരണയുമില്ലാതെ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാമെന്ന് പറയുമ്പോൾ അത് എത്ര വർഷം വേണമെങ്കിലും നീണ്ടുപോകാമെന്നും എല്ലാ കുടിശ്ശികയുംകൂടി ഒരുമിച്ച് പൂർത്തിയാക്കാൻ നിൽക്കാതെ രണ്ടോ മൂന്നോ മാസംകൊണ്ട് ഘട്ടം ഘട്ടമായി പൂർത്തിയാക്കി സമർപ്പിക്കാൻ സാധിക്കില്ലേയെന്നും സമിതി ആരാഞ്ഞതിന് അങ്ങനെ ചെയ്യാമെന്ന് മെമ്പർ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

27) സി&എ.ജി.-യിൽ നല്കിയിട്ടുള്ള കോഴിക്കോട് പി.എൽ.എ.-യുടെ 2020 വരെയുള്ള റിപ്പോർട്ട് മാർച്ച് മാസത്തിനുമുമ്പ് ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ മെമ്പർ സെക്രട്ടറിക്ക് സമിതി നിർദേശം നൽകിയിരുന്നു. അതനുസരിച്ച് കോഴിക്കോട് PLA-യുടെ 2015-16-ലേയും എറണാകുളം PLA-യുടെ 2018-19-ലേയും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും ചെയ്തു. എന്നാൽ തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പെർമനന്റ് ലോക് അദാലത്ത്, തിരുവനന്തപുരത്തിന്റെ 2018-19 മുതൽ 2020-21 വരെയുള്ള റിപ്പോർട്ടുകളും കോഴിക്കോടിന്റെ 2016-17 മുതൽ 2020-21 വരെയുള്ള റിപ്പോർട്ടുകളും എറണാകുളത്തിന്റെ 2019-20 മുതൽ 2020-21 വരെയുള്ള റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.

28) സ്ഥാപനത്തിന്റെ തുടർന്നുള്ള വർഷങ്ങളിലെ കണക്കുകൾ കാലികമാക്കി റിപ്പോർട്ടുകൾ കുടിശ്ശിക വരുത്താതെ കൃത്യമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റി

29) സംസ്ഥാനത്തെ അഡ്വക്കേറ്റ്മാർക്ക് പെൻഷൻ ആനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിലേക്കു വേണ്ടിയാണ് അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് ആക്ട് 1980-ൽ നിലവിൽ വന്നത്.

30) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി പ്രകാരം കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റിയുടെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് മനസ്സിലാക്കിയ സമിതി, 2011-12 വരെയുള്ള വാർഷിക ആഡിറ്റ് റിപ്പോർട്ടുകൾ മാത്രമേ കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റി സഭയിൽ സമർപ്പിച്ചിട്ടുള്ളൂവെന്ന് ചൂണ്ടിക്കാണിച്ചു. വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കുന്നതിൽ ഇത്രയധികം കുടിശ്ശിക ഉണ്ടാകുവാനിടയായ കാരണങ്ങൾ എന്തൊക്കെയാണെന്നും കുടിശ്ശിക റിപ്പോർട്ടുകൾ എന്നത്തേയ്ക്ക് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാൻ സാധിക്കുമെന്നും തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് 2007-08 മുതൽ കണക്കുകൾ കൈകാര്യം ചെയ്തിരുന്ന അക്കൗണ്ടന്റിന്റെ നിരുത്തരവാദിത്വ സമീപനവും യഥാസമയം കണക്കുകൾ എഴുതി സൂക്ഷിക്കാത്തത് കാരണം യഥാസമയം ആഡിറ്റിംഗിന് കണക്കുകൾ സമർപ്പിക്കുവാൻ കഴിഞ്ഞില്ലെന്നും 2007 മുതലുള്ള കണക്കുകളുടെ ആഡിറ്റിംഗ് 2019-ലാണ് പൂർത്തിയായതെന്നും 2017-18 വരെയുള്ള കണക്കുകൾ ഓഡിറ്റ് ചെയ്ത് ഭരണ വകുപ്പിലേയ്ക്ക് നൽകിയിട്ടുണ്ടെന്നും 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലേത് കുടിശ്ശികയാണെന്നും 2018-19 വർഷത്തെ കണക്കുകൾ സംബന്ധിച്ച ജോലികൾ ഏറെക്കുറെ പൂർത്തിയായതിനാൽ മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കാൻ കഴിയുമെന്നും 2019-20, 2020-21 വർഷങ്ങളിലെ കണക്കുകൾ ഓഡിറ്റിന് നൽകുന്നതിനാവശ്യമായ ജോലികൾ ചെയ്തുകൊണ്ടിരിക്കുകയാണെന്നും സ്പെഷ്യൽ ഓഫീസർ ടു ഓണററി സെക്രട്ടറി, ബാർ കൗൺസിൽ ഓഫ് കേരള സമിതിയെ അറിയിച്ചു.

31) ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ച വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും നിയമസഭയിൽ ഇതുവരെ ലഭ്യമായിട്ടില്ലെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ചൂണ്ടിക്കാട്ടിയതിന്, 2012-13 വർഷത്തെ വാർഷിക ഓഡിറ്റ് റിപ്പോർട്ട് നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും പ്രസ്സിൽനിന്നും അച്ചടിച്ച് ലഭ്യമായ 2013-14, 2014-15, 2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ നിയമസഭയിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി.

32) കുടിശ്ശിക റിപ്പോർട്ടുകൾ പ്രസ്സിൽ നിന്നും അച്ചടിച്ച് ഗവൺമെന്റിൽ ലഭ്യമായിട്ടും നിയമസഭാ സെക്രട്ടേറിയറ്റിലേയ്ക്ക് സമർപ്പിക്കാൻ കാലതാമസം വരുത്തുന്നത് എന്തുകൊണ്ടാണെന്ന് ആരാഞ്ഞതിന് വ്യക്തമായ മറുപടി ലഭ്യമാക്കാൻ സമിതി മുൻപാകെ ഹാജരായ ഉദ്യോഗസ്ഥർക്ക് കഴിയാതിരുന്നതിനാൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും, റിപ്പോർട്ടുകൾ പ്രസ്സിൽ നിന്നും അച്ചടിച്ച് ലഭ്യമായ തീയതി, സഭയുടെ മുമ്പാകെ ലഭ്യമാക്കുന്ന തീയതി തുടങ്ങിയ അടിസ്ഥാന വിവരങ്ങളെങ്കിലും നിയമസഭാ സമിതിയുടെ തെളിവെടുപ്പ് യോഗത്തിലേയ്ക്ക് വരുമ്പോൾ ശ്രദ്ധിക്കേണ്ടതായിരുന്നുവെന്നും റിപ്പോർട്ടുകൾ പ്രസ്സിലേയ്ക്ക് അയച്ചതും അച്ചടിച്ച് ലഭ്യമായതുമായ തീയതികൾ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക് വെൽഫെയർ ഫണ്ട് കമ്മിറ്റിയിലെ ഉദ്യോഗസ്ഥനും അറിയില്ലെന്നാണ് സമിതിയ്ക്ക് മനസ്സിലാകുന്നതെന്നും കാലതാമസപത്രിക നിർദ്ദിഷ്ട മാതൃകയില്ലാതെയിരിക്കുക, വസ്തുതാപരമായ കണിശത ഇല്ലാതിരിക്കുക, കുടിശ്ശിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം തുടങ്ങിയ ന്യൂനതകൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് തെളിവെടുപ്പുയോഗം ചേരാൻ തീരുമാനിച്ചതെന്നും പ്രസ്തുത യോഗത്തിൽ സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ യഥാസമയം ലഭ്യമാക്കാൻ ഉദ്യോഗസ്ഥർക്ക് കഴിയുന്നില്ലെന്നത് സ്ഥാപനത്തിന്റെ പരിതാപകരമായ അവസ്ഥയെയാണ് സൂചിപ്പിക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

33) ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ടുകൾ എന്നത്തേയ്ക്ക് സഭയിൽ സമർപ്പിക്കുമെന്ന് സമിതി ആരാഞ്ഞതിന് 2012-13 മുതൽ 2017-18 വരെയുള്ള അച്ചടിച്ച റിപ്പോർട്ടുകൾ (ആറു വർഷത്തേത്) രണ്ടാഴ്ചയ്ക്കുള്ളിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിക്കാമെന്ന് നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും 2018-19 കാലയളവിലെ റിപ്പോർട്ടുകൾ രണ്ടുമാസത്തിനകം നിയമ വകുപ്പിൽ സമർപ്പിക്കാമെന്നും 2019-20, 2020-21 കാലയളവിലെ കണക്കുകൾ ഓഡിറ്റ് ചെയ്യാനും വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കാനുമുള്ള നടപടി എത്രയുംവേഗം സ്വീകരിക്കുന്നതാണെന്നും 6 മാസത്തിനുള്ളിൽ 2019-20 വർഷത്തെ റിപ്പോർട്ട് പൂർത്തിയാക്കാമെന്നും സ്പെഷ്യൽ ഓഫീസർ ടു ഓണററി സെക്രട്ടറി, ബാർ കൗൺസിൽ ഓഫ് കേരളയും സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

34) കമ്മിറ്റിയുടെ 2012-13 മുതൽ 2017-18 വരെയുള്ള വാർഷിക ആഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും 23-2-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു. തെളിവെടുപ്പ് വേളയിൽ ഉറപ്പ് നൽകിയ പ്രകാരം മറ്റ് റിപ്പോർട്ടുകളൊന്നും ലഭ്യമാക്കാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം 2018-19 മുതൽ 2020-21 വരെയുള്ള വാർഷിക ആഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്നും തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ കാലതാമസം വരുത്താതെ സഭയിൽ സമർപ്പിക്കണമെന്നും സമിതി നിർദേശിക്കുന്നു.

5. അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റി

35) കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിൽ വ്യവസ്ഥചെയ്തിട്ടുള്ളതിൻ പ്രകാരം, കേരള സംസ്ഥാനത്തെ അഭിഭാഷക ഗുമസ്തന്മാരുടെ ക്ഷേമത്തിനായി, ഒരു ക്ഷേമനിധി സ്വരൂപിച്ച് അംഗങ്ങൾക്ക് വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി 24-6-2004-ൽ നിലവിൽവന്നു. കമ്മിറ്റി ശാശ്വതമായ പിന്തുടർച്ചാവകാശമുള്ളതും, പൊതുമുദ്രയുള്ളതും, വസ്തുക്കൾ വാങ്ങാനും കൈവശംവയ്ക്കാനും വിനിമയം ചെയ്യാനും അധികാരമുള്ളതുമായ ഒരു ഏകാംഗീകൃതനികായമാണ്. 2003-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി നിയമത്തിലെയും, 2004-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി ക്ഷേമനിധി കൈകാര്യം ചെയ്യുക എന്നതാണ് കമ്മിറ്റിയുടെ പ്രധാനചുമതല.

36) കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ വകുപ്പ് 12(5) പ്രകാരം കമ്മിറ്റിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭയ്ക്ക് മുമ്പാകെ സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നു.

"12(5) The accounts as certified by the auditor together with the audit report thereon shall be forwarded to the Government by the Committee and the Government may issue such directions as it deems fit to the Committee in respect thereof and shall place such accounts and the audit report thereon before the Legislative Assembly."

37) അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ കുടിശ്ശിക വരുത്താതെ സഭയിൽ സമർപ്പിക്കുന്നതിൽ അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റിയെ സമിതി പ്രത്യേകമായി അഭിനന്ദിക്കുകയും ഈ മാതൃക എല്ലാവരും പിന്തുടരേണ്ടതാണെന്ന് നിർദേശിക്കുകയും ചെയ്യുന്നു.

## ഭാഗം-II

### ഉന്നതവിദ്യാഭ്യാസം (പ്രിന്റിംഗ് & സ്റ്റേഷനറി) വകുപ്പ്

38) ഉന്നതവിദ്യാഭ്യാസം (പ്രിന്റിംഗ് & സ്റ്റേഷനറി) വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വാർഷിക /ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിൽ ഏറെ കാലതാമസം ഉണ്ടായതിന്റെയും, സഭയിൽ സമർപ്പിക്കേണ്ട രേഖകൾ അച്ചടിച്ച് ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടായതിന്റെയും അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസം (പ്രിന്റിംഗ് & സ്റ്റേഷനറി) വകുപ്പിന് കീഴിലുള്ള അച്ചടി വകുപ്പിലെ ഉദ്യോഗസ്ഥരുമായി 2022 ജനുവരി മാസം 13-ാം തീയതി സമിതി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും/ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1.<u>കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി</u>

39) 1955 -ലെ Travancore Cochin Literary, Scientific and Charitable Society registration Act പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ പാഠ പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് ലഭ്യമാക്കാനായി സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിൽ കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി സ്ഥാപിതമായി. നിലവിൽ സ്കൂൾ പാഠപുസ്തകങ്ങൾക്ക് പുറമേ ലോട്ടറി ടിക്കറ്റ് അച്ചടിക്കുന്ന ജോലിയും പ്രസ്തുത സൊസൈറ്റി നിർവ്വഹിക്കുന്നുണ്ട്. കുറഞ്ഞ വിലയിൽ സ്കൂൾ പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്ത് ലഭ്യമാക്കുന്നതിലൂടെ സംസ്ഥാന വിദ്യാഭ്യാസ മേഖലയ്ക്ക് നിസ്തുലമായ സേവനമാണ് പ്രസ്തുത സ്ഥാപനം വഹിക്കുന്നത്.

40) കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയുടെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നാളിതുവരെ സഭയിൽ സമർപ്പിച്ചിട്ടില്ലെന്നും 2012-13 മുതൽ 2017-18 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകൾ 2019-ൽ നിയമസഭയിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത റിപ്പോർട്ടുകളോടൊപ്പം ലഭിക്കേണ്ട ഡിലേ സ്റ്റേറ്റ്മെന്റ് നാളിതുവരെ ലഭ്യമാക്കാത്തതിനാൽ ആയത് സഭയിൽ സമർപ്പിച്ചിട്ടില്ലെന്നും ചൂണ്ടിക്കാണിച്ച സമിതി, സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ കുടിശ്ശികയായതിന് വിശദീകരണം ആരാഞ്ഞു.

41) സ്ഥാപനത്തിന്റെ 2019-20 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകൾ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും 2020-21 വർഷത്തെ റിപ്പോർട്ട് മാത്രമാണ് നിലവിൽ കുടിശ്ശികയായിട്ടുള്ളതെന്നും ഉന്നത വിദ്യാഭ്യാസം (പ്രിന്റിംഗ് & സ്റ്റേഷനറി) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

42) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 166 പ്രകാരം കമ്പനികൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/ ബോർഡ്/ കോർപ്പറേഷൻ മുതലായവയുടെ വാർഷിക റിപ്പോർട്ട്/ആഡിറ്റ് റിപ്പോർട്ട് ആ സാമ്പത്തിക വർഷം പൂർത്തിയായ ശേഷം ഒൻപത് മാസത്തിനകം സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണെന്നും നിർദ്ദിഷ്ട സമയത്തിനുള്ളിൽ വയ്ക്കാൻ പരാജയപ്പെടുന്ന പക്ഷം അതിനുള്ള കാരണം കൂടി പ്രസ്തുത റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കിയ സമിതി, 2012-13 മുതൽ 2016-17 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകൾ 2019-ൽ നിയമസഭയിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രിക ലഭ്യമാക്കാത്തതിനാൽ ആയത് സഭയിൽ സമർപ്പിക്കാൻ സാധിച്ചിട്ടില്ലെന്നും, റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക ആവശ്യപ്പെട്ടുകൊണ്ട് നിരവധി കത്തുകൾ അയച്ചിട്ടും കാലതാമസപത്രിക യഥാസമയം ലഭ്യമാക്കാത്തത്, ആഡിറ്റ് റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന്റെ ഗൗരവം, ആവശ്യകത നാളിതുവരെ

വകുപ്പിന് ബോദ്ധ്യമായിട്ടില്ലെന്നാണ് മനസ്സിലാക്കേണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു. 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിലെ ആഡിറ്റ് റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രിക ലഭ്യമാക്കുന്നതിനുള്ള വ്യക്തമായ വിശദീകരണം നൽകുന്നതിന് തെളിവെടുപ്പുവേളയിൽ ഹാജരായ ഉദ്യോഗസ്ഥർക്ക് സാധിക്കാത്തതിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി.

43) നിയമസഭാ ചട്ടം 166 ബി പ്രകാരം, "വാർഷിക റിപ്പോർട്ട്/ആഡിറ്റ് റിപ്പോർട്ട് നിർദ്ദിഷ്ട സമയത്തിനുള്ളിൽ വയ്ക്കുവാൻ പരാജയപ്പെടുന്ന പക്ഷം, അതിനുള്ള കാരണം ബന്ധപ്പെട്ട മന്ത്രി, വാർഷിക റിപ്പോർട്ട്/ആഡിറ്റ് റിപ്പോർട്ടിനോടൊപ്പം, അപ്രകാരം വിനിർദ്ദേശിക്കപ്പെട്ട കാലാവധി കഴിഞ്ഞ് 30 ദിവസം കഴിയുന്നതിന് മുൻപായോ അല്ലെങ്കിൽ സഭയുടെ തൊട്ടടുത്ത സമ്മേളനത്തിന്റെ ആരംഭത്തിലോ, ഏതാണോ ശേഷം വരുന്നത്, സഭ മുമ്പാകെ വയ്ക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു.

44) നിയമസഭാ ചട്ടപ്രകാരം സഭയിൽ വാർഷിക റിപ്പോർട്ട്/ആഡിറ്റ് റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ട കാലതാമസപത്രിക ആവശ്യപ്പെട്ട് നിരവധി തവണ ഓർമ്മപ്പെടുത്തലുകൾ നടത്തിയിട്ടും അതിൻമേൽ നടപടി സ്വീകരിക്കുന്നതിന് കുറ്റകരമായ അനാസ്ഥ വകുപ്പ് വരുത്തിയിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ നിരവധി ഓർമ്മപ്പെടുത്തലുകൾ നടത്തിയിട്ടും കാലതാമസപത്രിക ലഭ്യമാക്കാത്തതിനുള്ള വിശദീകരണവും, ആഡിറ്റ് റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയും ലഭ്യമാക്കണമെന്ന് സമതി നിർദ്ദേശിക്കുന്നു.

45) സമിതിയുടെ തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ 2017-18, 2018-19 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും 2019-20, 2020-21 എന്നീ കാലയളവിലെ ആഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ കുടിശ്ശികയുള്ളതിനാൽ 2019-20 മുതൽ 2020-21 വരെ കുടിശ്ശികയുള്ള ആഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി നിയമസഭയിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

2.അച്ചടി വകുപ്പ്

46) തിരുവിതാംകൂർ ഭരണാധികാരിയായ സ്വാതിതിരുനാൾ മഹാരാജാവ് 1836-ൽ തിരുവനന്തപുരത്ത് തിരുവിതാംകൂർ ഗവൺമെന്റ് പ്രസ്സ് എന്ന പേരിൽ ആദ്യത്തെ സർക്കാർ അച്ചുകൂടം സ്ഥാപിച്ചു. തിരുവിതാംകൂറിന്റെ ആധുനികവത്കരണത്തിന് തുടക്കം കുറിക്കുന്ന സുപ്രധാന സംഭവങ്ങളിലൊന്നായിരുന്നു ഇത്. ഈ ചെറിയ അച്ചുകൂടമാണ് പിൽക്കാലത്ത് ഗവൺമെന്റ് സെൻട്രൽ പ്രസ്സ് ആയി രൂപാന്തരപ്പെട്ടത്. തുടർന്ന് എറണാകുളം ഗവൺമെന്റ് പ്രസ്സ് 1847-ൽ സ്ഥാപിതമായി. പിന്നീട് 1901-ൽ

പൂജപ്പുര സെൻട്രൽ ജയിൽ പ്രസ്സ് തിരുവിതാംകൂറിൽ സ്ഥാപിതമായി.രാജഭരണകാലത്ത് തിരുവിതാംകൂർ ഗസറ്റ്, സ്റ്റേറ്റ് മാനുവൽ മുതലായ പ്രധാനപ്പെട്ട പല പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും തിരുവിതാംകൂർ ഗവൺമെന്റ് പ്രസ്സിൽനിന്നും അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്നു.

47) 1957-ൽ ജനകീയ സർക്കാർ ഭരണം നിലവിൽ വന്നപ്പോൾ ഈ മൂന്നു ഗവൺമെന്റ് പ്രസ്സുകളാണ് അച്ചടി വകുപ്പിൻകീഴിലുണ്ടായിരുന്നത്. ടെക്സ്റ്റ് ബുക്കുകൾ അച്ചടിക്കുന്നതിനായി 1960-ൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് സ്ഥാപിച്ചു. തിരുവിതാംകൂർ രാജ്യത്തിന്റെ നാണയങ്ങൾ നിർമ്മിക്കുന്നതിനും മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും അച്ചടിക്കുന്നതിനുമായി തിരുവനന്തപുരത്ത് ജനറൽ ആശുപത്രിക്ക് സമീപം സ്ഥാപിച്ച സ്റ്റാമ്പ് മാനുഫാക്ടറി റവന്യൂ വകുപ്പിന്റെ കീഴിലായിരുന്നുവെങ്കിലും 1964-ൽ അച്ചടിവകുപ്പിൻകീഴിലാക്കി. പിന്നീട് 1967-ൽ കണ്ണൂർ ഗവൺമെന്റ് പ്രസ്സും, 1983-ൽ കോഴിക്കോട് ഗവൺമെന്റ് പ്രസ്സും, 1984-ൽ മണ്ണന്തല ഗവൺമെന്റ് പ്രസ്സും, 1985-ൽ വയനാട് ഗവൺമെന്റ് പ്രസ്സും, 1994-ൽ വാഴൂർ ഗവൺമെന്റ് പ്രസ്സും, 2001-ൽ കൊല്ലം ഗവൺമെന്റ് പ്രസ്സും സ്ഥാപിച്ചു.

48) നിലവിൽ ആകെ പതിനൊന്ന് ഗവൺമെന്റ് പ്രസ്സുകൾ അച്ചടിവകുപ്പിൻ കീഴിൽ പ്രവർത്തിച്ചു വരുന്നു. അച്ചടിച്ച ഫാറങ്ങളും രജിസ്റ്ററുകളും സർക്കാർ പ്രസിദ്ധീകരണങ്ങളും സർക്കാർ ആഫീസുകൾക്കും സർക്കാർ പ്രസിദ്ധീകരണങ്ങൾ വിൽപ്പന നടത്തുന്നതിനുള്ള ഏജന്റുമാർക്കും പൊതുജനങ്ങൾക്കും അതതു ജില്ലകളിൽ നിന്നുതന്നെ വിതരണം ചെയ്യുന്നതിനായി അച്ചടി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലായി ആകെ 12 ജില്ലാ ഫോറം സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്.

49) വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ ആഡിറ്റ് റിപ്പോർട്ടുകൾ, എസ്.ആർ.ഒ/ വിജ്ഞാപനങ്ങൾ തുടങ്ങിയവ പ്രിന്റ് ചെയ്ത് സർക്കാരിൽ ലഭ്യമാക്കുന്ന സുപ്രധാന ധർമ്മം കൂടി അച്ചടി വകുപ്പ് നിർവ്വഹിക്കുന്നുണ്ട്. എന്നാൽ സഭയിൽ സമർപ്പിക്കേണ്ട രേഖകൾ പ്രിന്റ് ചെയ്ത് ലഭ്യമാക്കുന്നതിൽ ഏറെ കാലതാമസം ഉണ്ടാകുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടതിൻ പ്രകാരം അച്ചടി വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് വിവരങ്ങൾ ആരായുകയുണ്ടായി.

50) കേരള കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയുടെ 2015-16-ലെ വാർഷിക / ആഡിറ്റ് റിപ്പോർട്ട് അച്ചടിച്ചു നൽകാൻ കാലതാമസം നേരിട്ടത് ഒരു വർഷവും ആറ് മാസവുമാണെന്നും കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2015-16-ലെ വാർഷിക/ ആഡിറ്റ് റിപ്പോർട്ട് അച്ചടിച്ചു നൽകാൻ കാലതാമസം നേരിട്ടത് ഒൻപത് മാസവുമാണെന്നും ഉദാഹരണമായി ചൂണ്ടിക്കാട്ടിയ സമിതി, സഭയിൽ സമർപ്പിക്കേണ്ട രേഖകൾ അച്ചടിച്ച് ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നതിനുള്ള കാരണമെന്താണെന്നും അത് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആരാഞ്ഞു.

51) ഡി.റ്റി.പി. ഓപ്പറേറ്റർമാരും പ്രൂഫ് റീഡിംഗ് സെക്ഷനുമാണ് പ്രിന്റിംഗ് ജോലികൾ ചെയ്യുന്നതെന്നും കമ്പോസിറ്റർ തസ്തിക നിർത്തലാക്കിയപ്പോൾ ഡി.റ്റി.പി. ഓപ്പറേറ്ററുടെ നാല് തസ്തികകൾ മാത്രമാണ് സൃഷ്ടിച്ചതെന്നും ഡി.റ്റി.പി. ഓപ്പറേറ്റർമാരുടെ അപര്യാപ്തത മൂലം ടൈപ്പ് സെറ്റിംഗിലും കാലതാമസം ഉണ്ടാകുന്നുണ്ടെന്നും അച്ചടി വകുപ്പ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചു. 1-6-2019 മുതൽ എസ്.ആർ.ഒ.-കൾ അതത് വകുപ്പുകൾക്ക് പ്രസ്സിന്റെ ഓൺലൈൻ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുന്നുണ്ടെന്നും ഫിസിക്കൽ കോപ്പി പ്രിന്റ് ചെയ്തുകൊടുക്കരുതെന്നുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടെന്നും അച്ചടി വകുപ്പ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ അറിയിച്ചു.

52) സ്ഥാപനങ്ങൾ, വകുപ്പുകൾ തയ്യാറാക്കി നൽകുന്ന റിപ്പോർട്ടുകൾ വിജ്ഞാപനങ്ങൾ എന്നിവ അച്ചടിച്ചു ലഭ്യമാക്കുന്നതിന്റെ കാലതാമസം കാരണം സഭയിൽ യഥാസമയം മേശപ്പുറത്ത് വയ്ക്കാൻ കഴിയുന്നില്ലെന്ന ഒരു സ്ഥിതിവിശേഷം സംജാതമാകുന്നത് അംഗീകരിക്കാൻ കഴിയില്ലെന്നും, നിയമസഭാചട്ടം 166 പ്രകാരമുള്ള കടലാസുകൾ ആയതിന്റെ പ്രാധാന്യത്തോടെ അച്ചടിക്കുവാൻ സ്ഥാപനങ്ങൾ/വകുപ്പുകൾ പ്രസ്സിന് നൽകിയിരുന്നുവെങ്കിൽ യഥാസമയം അച്ചടിച്ച് ലഭ്യമാക്കുമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു.

53) നിലവിൽ പ്രസ്സിന്റെ പ്രവർത്തനങ്ങൾ ഓൺലൈൻ മുഖേന ആയതിനാൽ അച്ചടിച്ച് ലഭ്യമാകുന്നതിനുള്ള കാലവിളംബം ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിലുള്ള ഓൺലൈൻ സംവിധാനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി കാലവിളംബം കൂടാതെ നിയമസഭാ ചട്ടം 166 പ്രകാരമുള്ള കടലാസുകൾ അച്ചടിച്ച് ലഭ്യമാക്കുന്നതിന് അച്ചടി വകുപ്പ് നിതാന്ത ജാഗ്രത പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

54) എസ്.ആർ.ഒ. കൾ അതത് ഭരണവകുപ്പുകൾ പ്രസ്സിന്റെ ഓൺലൈൻ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് കാലതാമസം കൂടാതെ അച്ചടിച്ച് അതാത് ഭരണ വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടി അച്ചടി വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു കൂടാതെ അതത് വർഷം പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ./വിജ്ഞാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ക്രോഡീകരിച്ച് സോഫ്റ്റ് കോപ്പിയായി തൊട്ട് അടുത്ത വർഷം ജനുവരി 31-നുള്ളിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെ വെബ്സൈറ്റിൽ(pltc@niyamasabha.nic.in) ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

55) സ്റ്റാഫിന്റെ അപര്യാപ്തത, അച്ചടിച്ച് ലഭിക്കാൻ വൈകി എന്നിവ മൂലമാണ് റിപ്പോർട്ട് സമർപ്പിക്കാൻ വൈകുന്നതെന്ന സ്ഥാപനങ്ങളുടെ പൊതുവായ വാദഗതി ഒരിക്കലും ന്യായീകരിക്കാവുന്നതല്ലെന്നും വാർഷിക റിപ്പോർട്ടും കണക്കുകളും സഭയിൽ സമർപ്പിക്കുക

എന്നത് കേവലം കണക്കവതരിപ്പിക്കുക എന്ന പ്രക്രിയ മാത്രമല്ലെന്നും ഇത് സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന്റെ ഭാഗമായിട്ടുള്ളതാണെന്ന് സമിതി അഭിപ്രായപ്പെടുകയും വർഷങ്ങൾക്ക് ശേഷം റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുമ്പോൾ ആയതിന്റെ പ്രസക്തി നഷ്ടപ്പെടുന്നതിനാൽ വാർഷിക റിപ്പോർട്ടുകളും ആഡിറ്റ് റിപ്പോർട്ടുകളും നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സഭയിൽ സമർപ്പിക്കുവാൻ ഓരോ ഭരണ വകുപ്പും ശ്രദ്ധിക്കണമെന്നും ആഡിറ്റ് റിപ്പോർട്ട്/ വാർഷിക റിപ്പോർട്ട് എന്നിവയുടെ തയ്യാറാക്കലുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ യഥാസമയം പൂർത്തിയാക്കി അതാത് സ്ഥാപനങ്ങളുടെ ഭരണ വകുപ്പുകൾക്ക് യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ കർശന നിർദേശം ഭരണ വകുപ്പുകൾ ആയതിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. റിപ്പോർട്ടുകൾ യഥാസമയം സ്ഥാപനങ്ങൾ തയ്യാറാക്കുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം അതാത് ഭരണ വകുപ്പുകൾ ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സമിതിയുടെ പൊതുവായ നിർദ്ദേശങ്ങൾ

1) സഭയിൽ സമർപ്പിക്കേണ്ട രേഖകൾ 'വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും' ആണെന്നിരിക്കേ റിപ്പോർട്ടിന്റെ പുറംചട്ടയിൽ അപ്രകാരമുള്ള രേഖപ്പെടുത്തലുകൾ മാത്രമേ നടത്താൻ പാടുള്ളുവെന്നും വകുപ്പ് ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണെന്നും സമിതി നിർദേശിക്കുന്നു.

2) ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സഭയിൽ സമർപ്പിക്കാൻ പരാജയപ്പെടുന്ന എസ്.ആർ.ഒകൾ, റിപ്പോർട്ടുകൾ എന്നിവയ്ക്കൊപ്പം ഹാജരാക്കുന്ന കാലതാമസപത്രികകൾ ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/2013/ധന. നമ്പർ സർക്കുലർ (അനുബന്ധം-I) പ്രകാരമുള്ളതായിരിക്കണമെന്ന് സമിതി നിർദ്ദേശം നൽകുന്നു.

3) സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന കാലതാമസപത്രികകൾ വളരെ ലാഘവ ബുദ്ധിയോടെയാണ് തയ്യാറാക്കുന്നതെന്ന് നിരീക്ഷിച്ച സമിതി, കാലതാമസപത്രിക തയ്യാറാക്കുമ്പോൾ യുക്തിസഹവും കൃത്യവുമായ കാരണങ്ങൾ തന്നെ രേഖപ്പെടുത്തണമെന്നും 'ഭരണപരമായ കാലതാമസമെന്ന' പരാമർശം ബഹുമാനപ്പെട്ട സ്പീക്കറുടെ 13-11-2019-ലെ റൂളിംഗിന് വിരുദ്ധമായതിനാൽ പ്രസ്തുത പരാമർശം രേഖപ്പെടുത്തരുതെന്നും നിർദ്ദശിച്ചു.

4) കാലതാമസപത്രിക സഹിതം മാത്രമേ ഇനി മുതൽ കുടിശ്ശിക വരുന്ന റിപോർട്ടുകൾ നിയമസഭാ സെക്രട്ടേറിയറ്റിൽ സ്വീകരിക്കാൻ പാടുള്ളൂവെന്ന് 10-6-2021-ന് ബഹു. സ്പീക്കർ നൽകിയ റൂളിംഗിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ പരാജയപ്പെടുന്ന പക്ഷം കാലതാമസപത്രിക സഹിതം മാത്രമേ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കാൻ പാടുള്ളൂവെന്ന് സമിതി നിർദേശിക്കുന്നു.

5) കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ(പി.എ.സി) വകുപ്പിന്റെ 12-3-2009-ലെ 20/2009/ധന, (അനുബന്ധം-II) 14-11-2008-ലെ 77/08/ധന, (അനുബന്ധം-III) 8-10-2021-ലെ 89/2021/ധന നമ്പർ (അനുബന്ധം-IV) സർക്കുലർ നിർദ്ദേശങ്ങളും പാർലമെന്ററികാര്യ (ബി) വകുപ്പിന്റെ 15-12-2021-ലെ പാ.കാ.വ.ബി2/ 49/2021/പാ.കാ.വ നമ്പർ (അനുബന്ധം-V) സർക്കുലർ നിർദ്ദേശവും കർശനമായി പാലിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്,

തിരുവനന്തപുരം,
2022 ജൂലൈ 13.

*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*